**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 260** **22-02-2022 - ൽ മറുപടിയ്ക്ക്**

**വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വൈറൽ സാംക്രമിക രോഗങ്ങളുടെ ഗവേഷണം, നിയന്ത്രണം, ചികിത്സ എന്നിവ ലക്ഷ്യമിട്ടുകൊണ്ട് നിർമ്മിക്കുന്നതിന് തീരുമാനിച്ച വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ; | (എ) | സാംക്രമിക വൈറസുകളുടെ പഠനത്തിനും ഗവേഷണത്തിനും വിഭാവനം ചെയ്ത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി രണ്ടുഘട്ടങ്ങളിലായാണ് നിർമ്മിക്കുന്നത്, phase IA & IB. Phase IA-യിൽ ആറ് അത്യാധുനിക ലാബുകളും, ഡയഗണോസ്റ്റിക് ഫെസിലിറ്റിയും, BSL-III ലാബുമാണ് വിഭാവനം ചെയ്തിരിക്കുന്നത്. ആറ് ഗവേഷണ ലാബുകളുടെയും പ്രവർത്തനത്തിനായി ആവശ്യമായ അത്യാധുനിക ഉപകരണങ്ങളും, കെമിക്കലുകളും, കിറ്റുകളും സജ്ജമാക്കിയിട്ടുണ്ട്. അതീവ ഗുരുതര സ്വഭാവമുള്ള രോഗങ്ങളുടെ നിർണയത്തിനുതകുന്ന ഡയഗണോസ്റ്റിക് ഫെസിലിറ്റിയുടെ നിർമാണം ഐ.സി.എം.ആർ മാനദണ്ഡങ്ങളിൽ പൂർത്തീകരിച്ചു വരുന്നു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ IB യുടെ 80,000 sq.ft കെട്ടിടം കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.സ്.ഐ.ഡി.സി) യുടെ മേൽനോട്ടത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ അതിവേഗത്തിൽ പൂർത്തീകരിച്ചു വരുന്നു. 2022 മെയ് മാസത്തിൽ ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു കെട്ടിടം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയ്ക്ക് കൈമാറാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | ക്യാൻസർ രോഗ നിർണ്ണയത്തിനും ചികിത്സക്കുമുള്ള സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ പുതിയതായി നിർമ്മിക്കാൻ ആരംഭിച്ച 14 നില കെട്ടിടത്തിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ; | (ബി) | റീജിയണൽ കാൻസർ സെന്ററിൽ നിർമ്മാണത്തിലിരിക്കുന്ന 14 നില കെട്ടിടത്തിന്റെ 14 നിലയുടെയും കോൺക്രീറ്റ് ജോലികൾ പൂർത്തിയായി. ഇന്റീരിയർ വർക്കുകൾ ഉൾപ്പെടെയുള്ള മറ്റ് നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായി വരുന്നു. ഇപ്പോഴത്തെ സാഹചര്യത്തിൽ കെട്ടിടം പണി 2022 സെപ്റ്റംബർ മാസത്തോടെ പൂർത്തീകരിക്കാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | റീജിയണൽ ക്യാൻസർ സെന്ററിനെ സ്റ്റേറ്റ് ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ച് വരുന്നു; വിശദമാക്കാമോ? | (സി) | കേന്ദ്ര ആരോഗ്യ മന്ത്രിയായിരുന്ന ഡോക്ടർ ഹർഷവർധൻ 2014 സെപ്റ്റംബർ മാസം ആർ.സി. സി യിൽ വെച്ച് നടന്ന ചടങ്ങിൽ വച്ച് ആർ. സി. സി യെ സ്റ്റേറ്റ് ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ആയി ഉയർത്തുന്നതായി പ്രഖ്യാപിക്കുകയും, ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഉപകരണങ്ങൾ വാങ്ങുന്നതിനും മറ്റുമായി 104.35 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഒന്നാം ഘട്ടത്തിലേക്കായി 5146.51 ലക്ഷം രൂപ കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭ്യമാകുകയും ഇതുപയോഗിച്ച് നിലവിലില്ലള്ള എക്ലിപസ് ട്രീറ്റ്മെന്റ് പ്ലാനിങ് സിസ്റ്റത്തിന്റെ നവീകരണം (5.61 കോടി രൂപ), നിലവിലുള്ള ഇലക്ട ലീനിയർ ആക്സലറേറ്ററിന്റെ നവീകരണം (3.41 കോടി രൂപ) എന്നിവയും കൂടാതെ ഡ്യുവൽ എനർജി ഡ്യുവൽ സോഴ്സ് സി. റ്റി. സ്കാനർ (12 കോടി രൂപ), പുതിയ ലീനിയർ ആക്സലറേറ്റർ (14.64 കോടി രൂപ), ട്യൂമർ അബ്ലേഷൻ സിസ്റ്റം (1.99 കോടി രൂപ), സ്ലൈഡ് സ്കാനർ (1.17 കോടി രൂപ) എന്നീ പ്രധാന ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. അത്യാധുനിക സംവിധാനങ്ങളോടു കൂടിയ casualty ഒരു കോടി രൂപ ചെലവിൽ ഈ പദ്ധതിയിലുൾപ്പെടുത്തി പൂർത്തിയാക്കിയിട്ടുണ്ട്. ഇത് കൂടാതെ നെക്സ്റ്റ് ജനറേഷൻ സീക്വൻസിങ് സിസ്റ്റം, ഹിപ്പെക് സിസ്റ്റം, ഡിജിറ്റൽ മാമോഗ്രഫി തുടങ്ങിയ ഉപകരണങ്ങൾ വാങ്ങുന്നതിന് 10 കോടി രൂപ ഈ പദ്ധതിയുടെ സംസ്ഥാന വിഹിതമായി ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇവ വാങ്ങുന്നതിനുള്ള നടപടി ക്രമങ്ങൾ നടന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ